Santhigiri

## ഗുരുവാണി

"ഗുരു എന്നത് കാലാന്തരകർമ്മങ്ങളെയും ഓരോ കാലത്തെ കർമ്മത്തിന്റെ പാരമ്പര്യങ്ങളെയും കണ്ടറിഞ്ഞു പ്രവർത്തിക്കുന്ന അവസ്ഥാവിശേഷമാണ്. ഗുരു എന്നു പറയുന്നത് ജ്ഞാനം നേടുന്നവനെയല്ല, അനേകകാലങ്ങളായി ജീവന്റെ പരിണാമവൃത്തി എന്താണെന്ന് കണ്ടറിഞ്ഞ് പ്രവർത്തിച്ചൊതുക്കുന്നവനെയാണ്."


# ഉണ്മനിതകം

VOL 03 | ISSUE 05 | 2017 ജനുവരി 29 | 1192 മകരം 16

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ


# കേരള സർവകലാശാലയിൽ നവജ്യോതി ശ്രീകരുണാകരഗുരു ചെയർ



**തിരുവനന്തപുരം:** ഗുരുവിന്റെ പേരിൽ കേരള സർവകലാശാലയിൽ ചെയർ ആരംഭിക്കും. ഈ മാസം 21 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. മതപരവും ആത്മീയവുമായ ഇടപെടലുകളിലൂടെ ഒരു സാമൂഹിക പുന:സംഘടനയാണ് ചെയർ ലക്ഷ്യം വയ്ക്കുന്നത്. ആത്മീയതയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, ശില്പശാലകൾ സംഘടിപ്പിക്കുക, കോൺഫറൻസും സിമ്പോസിയവും നടത്തുക, ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുക, പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക തുടങ്ങിയവയാണ് ചെയറിന്റെ മുഖ്യ ഉദ്ദേശ്യം. ചെയറിന്റെ ഭാഗമായി നവജ്യോതി ശ്രീകരുണാകരഗുരു ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തും. എഴുത്തുകാർക്കും വിവർത്തകർക്കും ചെയറിന്റെ ഭാഗമാകാം.

# 'വഴികാട്ടി' ലഹരിവിരുദ്ധ പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു



*'വഴികാട്ടി' ലഹരിവിരുദ്ധ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം :** ലഹരി ഉപയോഗം പരിപൂർണ്ണമായി അവസാനിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ചലച്ചിത്ര നടൻ മമ്മൂട്ടി ചെയർമാനായ കെയർ & ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ, ശാന്തിഗിരി ആശ്രമം, ഡോ.വർഗീസ് മൂലൻ ഫൗണ്ടേഷൻ എന്നീ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ വഴികാട്ടി ലഹരി വിരുദ്ധ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് തുടക്കമായി. സംസ്ഥാന ആഭ്യന്തര വകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും സമ്പൂർണ്ണ സഹകരണത്തോടെ നടക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലഹരിവിരുദ്ധ സന്ദേശം പ്രമേയമായ വഴികാട്ടി എന്ന ഹ്രസ്വ ചിത്രത്തിന്റെ ആദ്യ പ്രദർശനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന വഴികാട്ടി ലഹരിവിരുദ്ധപദ്ധതി ഉദ്ഘാടനത്തിന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ഫാ. തോമസ് മരോട്ടിപ്പുഴ, ഡോ. വർഗീസ് മൂലൻ, ഹ്രസ്വചിത്ര സംവിധായകൻ ബൈജു റ്റുഡി എന്നിവർ പങ്കെടുത്തു. മാനവസമൂഹത്തെ പ്രത്യേകിച്ചും കേരളീയ യുവത്വത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും കരാളഹസ്തത്തിൽ നിന്നും കേരളത്തിലെ സ്കൂൾ കോളേജ് കാമ്പസുകളെ എന്നന്നേക്കുമായി മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ മുഴുവൻ ഹൈസ്കൂൾ ഹയർ സെക്കന്ററി സ്കൂളുകളിലും റിപ്പബ്ലിക് ദിനമായ ജനുവരി 26 ന് വഴികാട്ടി ഹ്രസ്വചിത്രം പ്രദർശിപ്പിക്കുകയുണ്ടായി.

## നവപൂജിതം സമർപ്പണവാർഷികം നാളെ

**സ്പിരിച്വൽ സോൺ:** ഗുരു ആദിസങ്കല്പത്തിൽ ലയിച്ച് 1001 വ്രതദിനങ്ങൾ പൂർത്തിയാക്കിയ 2001 ജനുവരി 30 ലെ നവപൂജിത സമർപ്പണത്തിന്റെ വാർഷികം നാളെ പ്രാർത്ഥനാപൂർവ്വം ആഘോഷിക്കും. രാവിലെ മുതൽ സ്പിരിച്വൽ സോണിൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ നടക്കും.

### പൂജിതപീഠം സമർപ്പണം പ്രാർത്ഥനാ സങ്കൽപ്പം

" എന്റെ കുടുംബത്തോടെയുള്ള ദോഷവും ഞാൻ ചെയ്തിട്ടുള്ള എല്ലാ പാപശക്തികളും അങ്ങനെ സകലവിധ ദോഷവശവും മാറി എന്ത് നന്മയാണോ എനിക്കും എന്റെ കുടുംബത്തിനും കിട്ടേണ്ടത്, അത് എന്താണോ എന്റെ ഗുരുവിൽക്കൂടി കിട്ടേണ്ടത്, കിട്ടണേ അപ്പാ.."

## സംസ്ഥാന വ്യാപകമായി ശാന്തിഗിരി 'ഷീ' ക്ലിനിക് ആരംഭിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി 'ഷീ' ക്ലിനിക്കുകൾ ആരംഭിച്ചു. സ്ത്രീ രോഗങ്ങൾക്ക് മാത്രമായുള്ള സ്പെഷ്യാലിറ്റി ക്ലിനിക് ആണിത്. സ്ത്രീകൾ നേരിടുന്ന എല്ലാ രോഗങ്ങൾക്കും ആയുർവ്വേദ സിദ്ധ ചികിത്സയിലൂടെ പരിഹാരം നൽകുകയാണ് ഷീ ക്ലിനിക്കിലൂടെ ഉദ്ദേശിക്കുന്നത്. വിദഗ്ധരായ വനിതാ ഡോക്ടർമാരെ എല്ലാ ക്ലിനിക്കുകളിലും നിയമിച്ചിട്ടുണ്ട്. ജീവിതശൈലി മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് പ്രത്യേക വിഭാഗം ഒരുക്കിയിട്ടുണ്ട്. ഷീ ക്ലിനിക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സൗജന്യ വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിച്ചു. ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന് പുറമെ മാർക്കറ്റിംഗ് ഡിപ്പാർട്ടമെന്റിന്റേയും ഏരിയ ഓഫീസുകളുടെയുംസഹകരണത്തോടെയാണ് ഷീ സ്പെഷ്യാലിറ്റി ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.




## ഗുരുവാണി

ഇന്നത്തെ സുപ്രധാനമായ ചിന്ത ആരാധനാക്രമത്തിലെ ദോഷം മാറ്റിയിട്ട് അടുത്ത തലമുറയെ എങ്ങനെ മാറ്റി എടുക്കാം എന്ന തായിരിക്കണം. ഇന്നത്തെ രാഷ്ട്രീയത്തിലെ കുഴപ്പങ്ങളെക്കുറിച്ച് ചിന്തിക്കണം. ഭാരതീയ സംസ്കാരത്തിലെ അന്തസത്ത എന്തെന്നു മനസ്സിലാക്കിയിട്ടില്ലാത്തവരാണ് ഇന്നത്തെ ഭരണാധികാരികൾ. നമ്മുടെ സംസ്കാരവും പൈതൃകവും വളർന്നു ശക്തിപ്പെട്ടില്ലെങ്കിൽ നമുക്ക് നിലനിൽപ്പില്ല എന്ന് ദൃഢമായി വിശ്വസിക്കണം. പാശ്ചാത്യർ അവരുടെ ഭൂപ്രകൃതിക്കനുസരിച്ച് വസ്ത്രധാരണം ചെയ്തപ്പോൾ നമ്മൾ ഒന്നും ചിന്തിക്കാതെ അതനുകരിച്ചു. മഹാത്മാക്കൾ പലരും ഇതു പറഞ്ഞു. പക്ഷേ നിങ്ങൾ അതംഗീകരിക്കാൻ കൂട്ടാക്കിയില്ല. പാശ്ചാത്യർ എന്തു കാണിക്കുന്നു, പറയുന്നു അതംഗീകരിക്കാനാണു നമ്മുടെ വ്യഗ്രത. നമ്മൾ ജനിച്ചതെവിടെ, വളർന്നതെവിടെ, നമ്മുടെ ഭൂപ്രകൃതിയുടെ മഹിമയെന്ത്? ഇതൊന്നും ചിന്തിക്കാൻ നാം തയ്യാറാകുന്നില്ല. സമ്പത്തുണ്ടാക്കാൻ എളുപ്പമാർഗ്ഗമെന്തെന്ന് അന്വേഷിക്കുക മാത്രമാണ് നാം ചെയ്യുന്നത്. ഇങ്ങനെ സമ്പത്തുണ്ടാക്കാൻ പഠിക്കുന്നവരുടെ മക്കൾ എന്തായിത്തീരും? സംസ്കാരത്തിന് എന്തെങ്കിലും സ്ഥാനം ഇവിടെ കൽപിക്കപ്പെടുന്നുണ്ടോ? ഇങ്ങനെ ജീവിക്കുന്ന നിങ്ങൾക്ക് ആശ്രമം എന്നു പറഞ്ഞാൽ എന്തോളം മനസ്സിലാകും?

സംസ്കാരം ദുഷിക്കാൻ അനവധി കാരണങ്ങളുണ്ട്. അതിൽ പ്രധാനം ആരാധന. വടക്കോട്ട് ചാമുണ്ടേശ്വരിയാണ് ദൈവം. മാടൻ, മറുത മുതലായവയെ പൂജിച്ച നമുക്ക് എന്തു പകരാൻ കഴിയും? കലിയികൽ യാതൊരു സ്ഥാനവും കല്പിക്കപ്പെട്ടിട്ടില്ലാത്ത ദേവീദേവന്മാരെക്കൊണ്ട് എന്താണ് സാധിക്കാനുള്ളത്? ശൂദ്രന് വേദം പഠിക്കാമെന്നായിട്ടുണ്ടെങ്കിൽ ചാതുർവർണ്യത്തിന് എന്തിനു സ്ഥാനം കൽപിക്കണം? അവർണനാണെങ്കിലും സവർണന്റെ പൂജാവിധിയാകാം എന്നാണെങ്കിൽ ശൂദ്രന്റെ വീട്ടിൽ നിന്നുള്ള വിവാഹം സംബന്ധവും ബ്രാഹ്മണന്റെ വീട്ടിൽനിന്നുള്ള വിവാഹം വേളിയുമാവുന്നതെങ്ങനെ?

അയ്യപ്പനെപ്പറ്റി നിങ്ങൾ എല്ലാവരും കേട്ടിട്ടുണ്ടാകുമല്ലോ. അയ്യപ്പനെ ആരാക്കി ചിത്രീകരിച്ചിരിക്കയാണ്! അയ്യപ്പൻ എവിടെ നിന്നും പിളർന്നുവീണു എന്നാണ് കഥ പറഞ്ഞിരിക്കുന്നത്! ഈ അയ്യപ്പൻ ഒരു സന്ന്യാസിയെപ്പോലെ ജീവിച്ചിരുന്ന ആളാണ്. അല്പം ദർശനവും ഉണ്ടായിരുന്നു. ഒരു തികഞ്ഞ 'സാധു' ആയിരുന്നു. അങ്ങനെയുള്ള മനുഷ്യൻ, ലൗകികത്തിൽ മുഴുകി തലവേദന വന്നുകിടന്ന പെണ്ണിന് പുലിപ്പാലിന് പോയി എന്നും മറ്റും പറഞ്ഞാൽ എന്തു ധരിക്കണം? ധർമശാസ്താവേ എന്ന സങ്കൽപത്തിൽ തപസ്സു ചെയ്തു. അങ്ങനെ അയ്യപ്പന്റെ നില വലുതായി. അയ്യപ്പനെ ഇന്നു വിളിക്കുന്നത് 'ഹരിഹരസുതനയ്യപ്പൻ' എന്നാണ്. ഇത് കവിയുടെ കള്ളത്തരമാണ്. അയ്യപ്പൻ എവിടെ നിന്നു വന്നു എന്ന് ചോദിച്ചാൽ അവൻ എന്തെല്ലാം വികൃതിത്തരങ്ങളാണ് പറയുന്നത്? ഇതു പഠിച്ചുവച്ചിരിക്കുന്ന നിങ്ങൾക്ക് ആശ്രമം എന്തെന്ന് അറിഞ്ഞുകൂടാ. ക്ഷേത്രമെന്നും ഭജനമഠമെന്നും പറഞ്ഞാൽ എന്തു ധരിക്കുന്നു? നമ്മുടെ ഓരോന്നും ഭരിക്കുന്ന ഇടം ഭജനമഠം. അവയെ വച്ച് പൂജിക്കുന്ന ഇടം ക്ഷേത്രം. ആശ്രമവും ഗുരുപരമ്പരയും പലതരത്തിലുണ്ട്. ഗുരു എന്നുപറയുന്നത് സിദ്ധികാണിക്കുന്നവനെയല്ല. നിങ്ങൾക്കുവേണ്ടത് വിനയത്തിലൂടെ വരുത്തി ഭാഗ്യത്തിലേക്ക് നയിക്കുകയാണ്. ഇതു സന്താനങ്ങളിലൂടെ വളർന്നുവരേണ്ടതാണ്. ഇതിനാണ് ആശ്രമം.

## വചനദീപ്തി

ശിഷ്യന് അവശ്യം വേണ്ടത് പരിശുദ്ധി, യഥാർത്ഥ ജ്ഞാനദാഹം, സ്ഥിരപരിശ്രമം ഇവയാകുന്നു. മലിന ജീവന് യഥാർത്ഥ ധാർമ്മികത്വം ഉണ്ടാവാൻ നിവൃത്തിയില്ല. അദ്ധ്യാത്മോന്നതി കാംക്ഷിക്കുന്നവന് മനസ്സിലും വാക്കിലും കർമ്മത്തിലും പരിശുദ്ധി നിർബ്ബന്ധമാണ്.

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജനുവരി 29 മുതൽ ഫെബ്രുവരി 4 വരെ*

| | |
|---|---|
| **ഞായർ** | **- കാഞ്ഞാംപാറ, സ്നേഹപുരം** |
| **തിങ്കൾ** | **- പോത്തൻകോട്, പാലോട്ടുകോണം** |
| **ചൊവ്വ** | **- എല്ലാ ഏരിയകളും സംയുക്തമായി** |
| **ബുധൻ** | **- ജ്യോതിപുരം,** |
| **വ്യാഴം** | **- ശാന്തിപുരം** |
| **വെള്ളി** | **- കരുണപുരം** |
| **ശനി** | **- ശാന്തിഗിരി ജംഗ്ഷൻ** |

## യാമപ്രാർത്ഥന

*2017 ഫെബ്രുവരി 2 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, രത്നഗിരി, ലക്ഷ്മിപുരം**

**പ്രകാശപദം**

## ഗുരു സകലധർമ്മാത്മാ

എന്റെ ഗുരുവിന്റെ പ്രവർത്തനശേഷി അപാരവും പൂർണ്ണവുമാണ്. പ്രപഞ്ചത്തിലെ സകല കർമ്മശേഷിയും ബ്രഹ്മചൈതന്യത്തിൽ നീതനായ ഗുരുസ്വരൂപത്തിൽ പ്രതിബിംബിക്കുന്നു. അത്യന്തം ശ്രേഷ്ഠവും ശുദ്ധവുമായ ആ കർമ്മശാസ്ത്രകോടിയെ ഭൂലോകത്ത് വരുത്തുവാൻ മഹാത്മാരായ ഗുരുകുലരത്നങ്ങൾ അനവരതം പ്രയത്നം ചെയ്തുകൊണ്ട് സൂക്ഷ്മത്തിൽ നിന്നിരുന്നു. ഏഴാമത് മന്വന്തരത്തിലെ ആദിയുഗം മുതൽ ഇരുപത്തിയെട്ടാമത് ചതുർയുഗത്തിലെ ഈ കലിയുഗം വരെ ഒരു സൗരയൂഥപ്രാപ്തിവരെ ആത്മശുദ്ധി പ്രാപിച്ച് ഗുരുസ്ഥാനം വഹിച്ചുനില്ക്കുന്ന മഹാത്മാക്കളുടെയും അത്രത്തോളംതന്നെ വ്യാപിച്ചുനിൽക്കുന്ന അവരുടെ പരമ്പരയുടെയും കർമ്മശേഷിയെ മാനിക്കുന്നവർ ഭാഗ്യവാന്മാരാണ്. എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ളവർ വിശ്വാസത്തിൽ നിന്നും സാന്ദ്രസ്നേഹത്തിലേക്ക് ഉയർത്തപ്പെടുകയാണ്. അവരുടെ ഹൃദയവും വിചാരവും വിമലീകരിക്കപ്പെടുകയാണ്. തന്നെയുമല്ല, അമൃതമയമായ ബ്രഹ്മകല്പിതവാക്കുകളുടെ സത്യമുദ്രകൾ കാലാന്തരവിശേഷങ്ങളുടെ നന്മയിലേക്കാനയിച്ചുകൊണ്ട് നമ്മെ അനുഗ്രഹിക്കുകയാണ്. അവരുടെ നിതാന്തമായ പ്രാർത്ഥനയുടെ ഫലമായാണ് ഗുരു ഉദയം ചെയ്തത്. നാം ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന് അങ്ങനെയൊരു മഹിമയുണ്ട്.

നാം ജീവിച്ചിരുന്ന്, ജീവിതത്തിന്റെ പരമമായ ആവശ്യം അറിയുന്ന ആ സത്യത്തെ ജീവന്റെ ശക്തിയെ ശോഷിപ്പിക്കാതെ അഭിമാനപുരസ്സരം ബഹുമാനപുരസ്സരം നവോന്മേഷശാലികളായി പ്രവർത്തിക്കാൻ ബ്രഹ്മകല്പിതമായ വാക്കുകളുടെ ശക്തിയുണ്ട്. ബ്രഹ്മകല്പിതമായ വാക്കുകളെത്തന്നെ പാലിച്ചുകൊണ്ട് ഇന്നോളം ഭൂമിയിൽ വന്നു ജീവിച്ചു മറഞ്ഞുപോയ മഹാത്മാക്കൾ സൂക്ഷ്മത്തിൽ നിന്നുകൊണ്ട് നമുക്കായി സ്നേഹാദരങ്ങൾ ആശംസിക്കുന്നുണ്ട്. നാം അവരുടെ പ്രാർത്ഥനയെ സഫലതയിലെത്തിക്കുന്ന കർമ്മയോദ്ധാക്കളാണല്ലോ. എല്ലാം ബ്രഹ്മനിശ്ചയം. ആ ബ്രഹ്മനിശ്ചയം തന്നെ നമുക്ക് പറഞ്ഞുതരുന്നു– സർവശാന്തിക്കും സമാധാനത്തിനും വേണ്ടി നാം എങ്ങനെ പ്രാർത്ഥിക്കണം എന്ന്, എങ്ങനെ പ്രവർത്തിക്കണമെന്ന്. ആ മഹത്വത്തിന് മുമ്പിൽ കീഴ്വണങ്ങി താണുവണങ്ങി പ്രാർത്ഥിച്ചും പ്രവർത്തിച്ചുംകൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു: സാന്ത്വനകൃപാസിന്ധോ, സമസ്ത ധർമ്മരക്ഷകാ, ഗുരോ, അപ്പാ, ഞങ്ങളുടെയും ഭൂലോകവാസികളുടെയും ഇന്നോളം ഉണ്ടായിട്ടുള്ള സമസ്ത തെറ്റും പൊറുക്കണേ!!! ത്യാഗപൂർണ്ണിമയുടെ അഭൗമകാന്തിയിൽ നിന്നും പൊന്തിമുളയ്ക്കുന്ന അനുഭവം, ആത്മസാക്ഷാത്കാരം. പ്രശാന്തവും പ്രവിശാലവുമായ പ്രപഞ്ചത്തിന്റെ സൗമ്യവിതാനം നിറഞ്ഞ് ആ പൂർണപുണ്യം കവിഞ്ഞൊഴുകുന്നു. അത് അറിവിനാൽ നിറഞ്ഞ്, അറിവായി ഒഴുകുന്നു. വീണ്ടും തുളുമ്പി ഒഴുകി വീണ്ടും അറിഞ്ഞ് അറിവ് നൊമ്പരമായി നൊമ്പരത്തിലെ ആനന്ദമായി, അനുഭവത്തിന്റെ സുകൃതധാരയായി ആ പരിപൂർണതയിൽ ലീനമായി, നിത്യാനുഭവമായി അങ്ങനെ ഞാൻ ഞാനായിത്തീരുകയാണ്.

ആരായിരുന്നു ഞാൻ? ആദിയിൽ അറിവ് തീരെയില്ലാത്ത നിശ്ചലതയായിരുന്നു ഞാൻ. സദാ അഴുക്കു സ്രവിക്കുന്ന തുരുത്തായിരുന്നു എന്റെ ജീവൻ. ഇന്നെനിക്കു സ്വകർമത്തെ ആത്മനിവേദിതഭാവങ്ങളിലേക്കെത്തിക്കാൻ കഴിയുന്നു. അത്യന്തം മനോഹരവും അപൂർവചാരുതയുമുള്ള ആത്മദർശനങ്ങളുടെ ഉടമയാണ് ഞാനിന്ന്. അതിനുള്ള ആത്മപുണ്യം എന്റെ ആത്മാവിൽ നിറച്ചുതന്നത് എന്റെ ഗുരുവാണ്. ജന്മാന്തരസഞ്ചിതമായ എന്റെ അഴുക്കുകളെ അവിടുന്ന് സ്വയം ഏറ്റെടുത്തുകൊണ്ട് അഴുക്കിന്റെ ഉടമയായും അഴുക്കിനുള്ള അനിവാര്യമായ ശിക്ഷ സ്ഥൂലത്തിലും സൂക്ഷ്മത്തിലും നിന്ന് അനുഭവിച്ചും ത്യാഗത്തിന്റെ തീച്ചൂളയിൽ നീറിക്കൊണ്ട് ആ അമൃതസ്വരൂപം എനിക്കായി പങ്കുവയ്ക്കുകയാണ്. ശിഷ്യനെ നിറവുകളിലേക്കാനയിക്കുന്നതിനുവേണ്ടിയുള്ള ഗുരുവിന്റെ പങ്കിടൽ ഇതാണ്. ശിഷ്യന്റെ മഹത്വീകരണം സാധിക്കുന്ന ആത്മബന്ധം – ഗുരുശിഷ്യപാരസ്പര്യം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

## ആരോഗ്യപദ്ധതിയുമായി ശാന്തിഗിരി മാതൃമണ്ഡലം

### നാല്പത് വയസുകഴിഞ്ഞ സ്ത്രീകൾക്കുള്ള മെഡിക്കൽ ക്യാമ്പ് ഇന്ന് വിദ്യാഭവനിൽ

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ 'സ്ത്രീകളുടെ ആരോഗ്യം തലമുറകളുടെ ആരോഗ്യം' എന്ന പേരിൽ ആരോഗ്യസംരക്ഷണ പദ്ധതി നടപ്പിലാക്കും. ഓരോ സ്ത്രീയെയും ആരോഗ്യസംരക്ഷണത്തിൽ ബോധവതിയാക്കുകയും സ്ത്രീസംബന്ധമായ രോഗങ്ങളും പ്രതിവിധിയും എന്ന വിഷയത്തിൽ അവബോധം സൃഷ്ടിക്കുകയും അതോടൊപ്പം ആരോഗ്യരംഗത്ത് സാദ്ധ്യമായ എല്ലാ പരിവർത്തനങ്ങളും വരുത്തി സ്ത്രീകളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മെഡിക്കൽ ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ചെക്കപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, തുടർചികിത്സ ആവശ്യമെന്ന് കരുതുന്നവർക്ക് അതിനുള്ള എല്ലാവിധ സഹായങ്ങളും ചെയ്തു നല്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളാണ്. ഘട്ടം ഘട്ടമായി ഈ പദ്ധതിയുടെ പ്രയോജനം കേരളം മുഴുവനുമുള്ള സ്ത്രീകൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി റൂറൽ ഏരിയയിലെ നാല്പത് വയസു കഴിഞ്ഞ സ്ത്രീകൾക്കായി ഒരു ജനറൽ ചെക്കപ്പും രക്ത പരിശോധനാ ക്യാമ്പും ഇന്ന് രാവിലെ 8.30 മണി മുതൽ മൂന്നു മണി വരെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വച്ച് സംഘടിപ്പിക്കും.

അലോപ്പതി, ആയുർവേദ, സിദ്ധ, ഹോമിയോ, ദന്തൽ മേഖലകളിലെ പ്രഗത്ഭരെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന ക്യാമ്പിൽ ഡോ. ഉഷാകുമാരി ബി., ഡോ. ജയശ്രീ എൻ., ഡോ. ഹേമലത പി.എ., ഡോ. സ്മിതാ ആർ.ബി., ഡോ. പുഷ്പജ വി. ഡോ. പ്രീതി, ഡോ. ബിന്ദിയ അശോകൻ എന്നിവരുടെ നേതൃത്വത്തിൽ ഇരുപതോളം ഡോക്ടർമാർ പങ്കെടുക്കും.

പോത്തൻകോട് ദേവി സ്കാൻസുമായി ചേർന്ന് കൊളസ്ട്രോൾ, പ്രമേഹം തുടങ്ങിയവ സൗജന്യമായി പരിശോധന നടത്തുന്നതാണ്. തൈറോയ്ഡ് പരിശോധന അൻപത് ശതമാനം ഡിസ്കൗണ്ടിലും അലോപ്പതി, ആയുർവേദ, സിദ്ധ, ഹോമിയോ ഔഷധങ്ങൾ ഇരുപത് ശതമാനം ഡിസ്കൗണ്ടിലും ലഭ്യമാകും. കൂടാതെ അയൺ, വിറ്റമിൻ തുടങ്ങിയ ഗുളികകളും വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ രാവിലെ 8.30 ന് ആരംഭിക്കും.

ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ നാലു ഘട്ടങ്ങളിലും ഇന്ന് സ്ത്രീകൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ അനവധിയാണ്. ആരോഗ്യമേഖലയിൽ സ്ത്രീയുടെ ശാരീരികവും മാനസികവുമായ ആരോഗ്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇത് വരും തലമുറയുടെ ആരോഗ്യം കൂടിയാണ്. അതുകൊണ്ടുതന്നെ ആരോഗ്യപൂർണ്ണ ജീവിതത്തിന് സ്ത്രീയുടെ ഉത്തരവാദിത്തെക്കുറിച്ച് അവളെ ബോധവതിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് മാതൃമണ്ഡലം ഈ ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നത്.

# 'വിഷചികിത്സയിൽ സിദ്ധയുടെ പങ്ക് മഹത്തരം'



ദേശീയ ശില്പശാലയിൽ ഡോ. പി. ഹരിഹരൻ സംസാരിക്കുന്നു

**ഹെൽത്ത്കെയർ സോൺ:** വിഷ ചികിത്സയിൽ ഭാരതീയ ചികിത്സാ ശാസ്ത്രമായ സിദ്ധത്തിന്റെ പങ്ക് മഹത്തരമെന്ന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.പി.ഹരിഹരൻ. പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ 'വിഷചികിത്സ' ദേശീയ ശില്പശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആഹാരത്തിലൂടെ മാത്രമല്ല ശുദ്ധമല്ലാത്ത ഔഷധങ്ങളിലൂടെയും ശരീരം വിഷമയമാകുമെന്നും അതിനാൽ രോഗിക്ക് നൽകുന്ന ഔഷധങ്ങളുടെ ഗുണനിലവാരം മനസ്സിലാക്കാൻ ഡോകൂർമാരും ശ്രമിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജീവിത ക്രമങ്ങൾക്കും ആഹാരരീതികൾക്കും ശുചിത്വത്തിനുമാണു സിദ്ധയിൽ മരുന്നിനെക്കാളും പ്രാധാന്യം നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. മൂന്ന് ദിവസം നീണ്ടുനിന്ന ശില്പശാലയിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളെജിൽ നിന്നും ഡോ.ജിജിമോൾ. വി.സി പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.



പുസ്തകോത്സവത്തിന് സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി തിരിതെളിക്കുന്നു

# പുസ്തകോത്സവം സംഘടിപ്പിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ജെയ്.പി പബ്ലിക്കേഷൻ സുമായി സഹകരിച്ച് മെഡിക്കൽ പുസ്തകങ്ങളുടെ എക്സിബിഷൻ നടന്നു. ജനുവരി 24, 25 തീയതികളിലായി നടന്ന പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഹെഡ് സ്വാമി ഗുരുധർമ്മ ജ്ഞാന തപസ്വി നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ആർ.ദേവരാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ.പി.ഹരിഹരൻ, ആർ. അമ്പിളി ബാല, എൻ. ഷീജ, രഞ്ജിത.വി, ഷിബു. ബി. എന്നിവർ പങ്കെടുത്തു.

# കെ. ജിതേഷിന് റെയിൽവേയുടെ പുരസ്കാരം



കെ. ജിതേഷ്

**ഷൊർണ്ണൂർ:** ദക്ഷിണ റെയിൽവേ ചീഫ് കൊമേഴ്സ്യൽ മാനേജരുടെ പുരസ്കാരം ഷൊർണ്ണൂർ റെയിൽവേ ഡിപ്പോയിലെ റ്റി.റ്റി.ഐ. യും ആത്മബന്ധുവുമായ കെ. ജിതേഷിന്. ട്രെയിനിൽ നിന്ന് വീണു കിട്ടിയ വില കൂടിയ ഐ ഫോൺ ഉടമയെ കണ്ടെത്തി തിരിച്ചുനല്കിയതിനാണ് ജിതേഷിന് കാഷ് അവാർഡ് ലഭിച്ചത്. ജനുവരി മൂന്നിനായിരുന്നു സംഭവം. മംഗലാപുരത്തേക്കുള്ള പരശുറാം എക്സ്പ്രസിൽ ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള ടിക്കറ്റ് പരിശോധനകനായിരുന്നു ജിതേഷ്. റിസർവേഷൻ കോച്ചായ സി. ത്രിയിൽ നിന്നാണ് ജിതേഷിന് ഫോൺ കളഞ്ഞുകിട്ടിയത്. സിം കാർഡ് ഉണ്ടായിരുന്നില്ല. എന്നാൽ ഫോണിന്റെ വാലറ്റിൽ നിന്നും കിട്ടിയ പഴയ റിസർവേഷൻ ട്രെയിൻ ടിക്കറ്റ് വച്ചു നടത്തിയ അന്വേഷണത്തിനൊടുവിൽ ജിതേഷ് ഉടമയെ കണ്ടെത്തുകയായിരുന്നു. ബാംഗളൂരു മലയാളിയായിരുന്നു ഫോണിന്റെ ഉടമ.

ആദ്യകാല ഗുരുഭക്തനായ പി.കെ. കുഞ്ഞിക്കണ്ണന്റെ മകനാണ് ജിതേഷ്. സഹോദരൻ കെ. സുമേഷ് ആശ്രമം ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ സേവനം ചെയ്യുന്നു.

# ചുമതലയേറ്റു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളെജിലെ 'ഭൂമിത്രസേന' ക്ലബ്ബിന്റെ ഫാക്കൽറ്റി ഇൻചാർജായി ഗുണപാഠം മരുന്തിയൽ ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ ഷിബു.ബി ചുമതലയേറ്റു. ഡോ. എം.കന്യാകുമാരിക്ക് പകരമായാണു ചുമതല. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ.ആർ. ദേവരാജൻ, വൈസ് പ്രിൻസിപ്പൽ ഡോ.കെ.ജഗന്നാഥൻ, അസിസ്റ്റന്റ് കൺവീനർ മഹേഷ്. എം എന്നിവർ പങ്കെടുത്തു.

# വിജയികൾ



ഓൾ ഇന്ത്യാ ടാലന്റ് സേർച്ച് എക്സാമിനേഷനിൽ മികച്ച വിജയം നേടിയ ശാന്തിഗിരി വിദ്യാഭവനിലെ പ്രണവ് പ്രദീപ് *(മുകളിൽ)*, അഭിനന്ദന എ.പി. *(താഴെ)*







ബോധവത്കരണക്ലാസിൽ നിന്ന്

# ചെറുകിട സംരംഭങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി

**തിരുവനന്തപുരം:** ശാന്തിഗിരി മാതൃമണ്ഡലം തിരുവനന്തപുരം ഏരിയയുടെ ആഭിമുഖ്യത്തിൽ ശാന്തിഗിരി ആശ്രമം, തിരുവനന്തപുരം ഏരിയ ഓഫീസിൽ വച്ച് ചെറുകിട സംരംഭങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ജനുവരി 21 ശനിയാഴ്ച നടന്ന പരിപാടിയിൽ കേരള സംസ്ഥാന വ്യവസായ വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർ എം എസ് മോഹൻകുമാർ ക്ലാസ് നയിച്ചു. സംരംഭങ്ങളെക്കുറിച്ച് ഒരു സംരംഭകനുണ്ടായിരിക്കേണ്ട ധാരണകൾ, കാര്യങ്ങളെ അപഗ്രഥിക്കാനുള്ള കഴിവ്, സ്ഥിരോത്സാഹം, അർപ്പണബോധം, ആത്മസമർപ്പണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും പ്രായോഗികതലത്തിൽ അനുവർത്തിക്കേണ്ട ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ശാന്തിഗിരി മാതൃമണ്ഡലം ചുമതലക്കാരായ കെ. സരസ്വതി അമ്മാൾ, കെ.ബി. സൂര്യകുമാരി, അനിൽകുമാർ. കെ (റിട്ട. ഇൻഡസ്ട്രീസ് ഓഫീസർ) തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. പരിപാടിയിൽ മാതൃമണ്ഡലത്തോടൊപ്പം ശാന്തിമഹിമ, ഗുരുമഹിമ പ്രവർത്തകരും പങ്കെടുത്തു.

# പ്രാർത്ഥനായോഗം

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ യൂണിറ്റ് പ്രാർത്ഥനയോഗം ജനുവരി 21 ശനിയാഴ്ച നടന്നു. ജനസേവികപുരം യൂണിറ്റിൽ ദീപു എം.പി – ലക്ഷ്മി ജെ. ആർ ദമ്പതിമാരുടെ ഭവനമായ 'സ്നേഹ' ത്തിൽ വച്ചു നടന്ന പ്രാർത്ഥനയിൽ സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാന തപസ്വിയും, ശാന്തിപുരം യൂണിറ്റിൽ നന്ദകുമാർ എസ്. – സുലജ എൽ. ദമ്പതികളുടെ ഭവനമായ 'ധർമ്മ'ത്തിൽ വച്ചു നടന്ന പ്രാർത്ഥനയിൽ ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും, കരുണപുരം യൂണിറ്റിൽ പുഷപരാജൻ പി. –ഗീത രാജൻ ദമ്പതികളുടെ ഭവനമായ 'ശ്രീപുഷ്.പ'ത്തിൽ വച്ചു നടന്ന പ്രാർത്ഥനായോഗത്തിൽ ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വിയും സംബന്ധിച്ചു.



തെലങ്കാനയിൽ ശാന്തിഗിരി ആശ്രമം സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി കൈമാറുന്നു

# സീറ്റൊഴിവ്

തിരുവനന്തപുരം ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസയൻസസിൽമാസ/ഒരുവർഷ ആയുർവേദ പഞ്ചകർമ്മ കോഴ്സിൽ സീറ്റൊഴിവ്.
**ബന്ധപ്പെടേണ്ട നമ്പർ:**
**9744054206, 8113034007**

ഗുരുചരണം ശരണം

## ശാന്തിഗിരി ആരൂഢശുദ്ധി

ആശ്രമോചിതമായ രീതിയിൽ
ചെലവുകുറഞ്ഞ ഭവനങ്ങൾ
നിർമ്മിച്ചു നൽകുന്നു

വിവരങ്ങൾക്ക് : 8111849007, 9496294279,
9446438515, 8111882324

# എരമല്ലൂരിൽ ശാന്തിഗിരി ആശുപത്രി

**ചന്ദിരൂർ:** ഗുരുവിന്റെ ജന്മഗൃഹത്തിനു സമീപം ശാന്തിഗിരി ആശ്രമം പുതിയതായി ആരംഭിച്ച ആയുർവേദ-സിദ്ധ ആശുപത്രി മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യരംഗത്ത് ശാന്തിഗിരിയുടെ സംഭാവനകൾ മഹത്തരമാണെന്ന് മന്ത്രി പറഞ്ഞു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. സൗജന്യ വൈദ്യപരിശോധന ക്യാമ്പ് എ.എം. ആരിഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. 'ഷീ' ക്ലിനിക്കിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദലീമ ജോജോയും ശാന്തിഗിരി പ്രിവിലേജ് കാർഡിന്റെ ഉദ്ഘാടനം കെ.പി.സി.സി. സെക്രട്ടറി എം.കെ. അബ്ദുൽ ഗഫൂറും നിർവഹിച്ചു. കെ.എസ്.ഡി.പി. ചെയർമാൻ സി.വി. ചന്ദ്രബാബു ബ്രോഷർ പ്രകാശനം ചെയ്തു. കുത്തിയതോട് സി.ഐ. സജീവ് കെ., സി.എൻ. സുരേഷ്, പി.ജി. രമണൻ, എം.കെ. അരവിന്ദൻ തുടങ്ങിയവർ പങ്കെടുത്തു.


*എരമല്ലൂർ ശാന്തിഗിരി ആശുപത്രി ഉദ്ഘാടനച്ചടങ്ങ്*


*ശാന്തിഗിരി വിദ്യാഭവനിലെ റിപ്പബ്ലിക് ദിനാഘോഷം*

## റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവനിൽ റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ചു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി ദേശീയ പതാക ഉയർത്തി. ദേശീയബോധം കുറഞ്ഞുവരുന്നത് ജാതി, മത, വർഗീയ മനോഭാവങ്ങൾക്ക് ശക്തിപകരുന്നുവെന്ന് സ്വാമി പറഞ്ഞു. 'ദേശീയബോധം വിദ്യാർത്ഥികളിൽ' എന്ന വിഷയത്തിൽ വിദ്യാർത്ഥികളുടെ പ്രസംഗമത്സരവും നടന്നു.

# ക്ലീൻ ക്യാമ്പസ് പദ്ധതിക്ക് തുടക്കമായി

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 'ക്ലീൻ ക്യാമ്പസ്' പദ്ധതിക്ക് തുടക്കമായി. ഹെൽത്ത് കെയർ സോണിൽ ശുചീകരണ പരിപാടികൾ ജനുവരി 24 ന് ആരംഭിച്ചു. തുടർന്നുള്ള മാസങ്ങളിലും നിശ്ചിത ദിവസങ്ങളിൽ പരിസര ശുചീകരണ പരിപാടികൾ നടത്തുമെന്ന് എൻ.എസ്.എസ്. കോർഡിനേറ്റർ ഡോ. കെ. നന്ദഗോപാൽ അറിയിച്ചു.


*ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജ് വിദ്യാർത്ഥികളുടെ ശ്രമദാനം*


*കേന്ദ്രമന്ത്രി പുരുഷോത്തം രുപാലയെ സ്വാമി ജനനന്മ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ*

# കുരുന്നുകൾക്ക് അക്ഷരത്തൊട്ടിലൊരുക്കി ശാന്തിഗിരി വിദ്യാഭവൻ എൻ.എസ്.എസ്. വിദ്യാർത്ഥികൾ

**എജ്യൂക്കേഷൻ സോൺ:** അക്ഷരലോകത്തേക്ക് പിച്ചവയ്ക്കുന്ന കൊച്ചുകുട്ടികൾക്ക് വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അക്ഷരത്തൊട്ടിലൊരുക്കി ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങൾ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചു. ജനുവരി 26 ന് റിപ്പബ്ലിക് ദിനത്തിൽ സമീപപ്രദേശങ്ങളിലെ അംഗനവാടികൾ സന്ദർശിച്ച എൻ.എസ്.എസ്. വിദ്യാർത്ഥികൾ അംഗനവാടികളിലെ കുഞ്ഞുങ്ങൾക്കായി ചിത്രകഥകളും കാർട്ടൂൺ പുസ്തകങ്ങളും ബാലമാസികകളും അടങ്ങിയ 'അക്ഷരത്തൊട്ടിൽ' സമ്മാനിച്ചു. തുടർന്ന് കുഞ്ഞുങ്ങൾക്ക് മധുരപലഹാരളും വിതരണം ചെയ്തു. എൻ.എസ്.എസ്. അംഗങ്ങൾ വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ മറ്റു സഹപാഠികളുടെ കൂടി സഹായത്തോടെ സമാഹരിച്ച പുസ്തകങ്ങളാണ് അക്ഷരത്തൊട്ടിലിലുള്ളത്.



കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി സീനിയർ ജനറൽ കൺവീനർ ഡോ. കെ. എൻ. ശ്യാംപ്രസാദ്. കൊല്ലം ശങ്കേഴ്സ് ആശുപത്രിയിലെ ന്യൂറോളജിസ്റ്റാണ്.



## ജി. നല്ലചിത്തന് സ്വർണ മെഡൽ

**എജ്യൂക്കേഷൻ സോൺ:** നാഷണൽ ടീച്ചേഴ്സ് കൗൺസിൽ ദേശീയതലത്തിൽ ബാംഗ്ലൂരിൽ സംഘടിപ്പിച്ച ഓൾ ഇന്ത്യാ ടാലന്റ് സേർച്ച് എക്സാമിനേഷനിൽ ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥി ജി. നല്ലചിത്തന് സ്വർണ മെഡലോടു കൂടി മൂന്നാം സ്ഥാനം ലഭിച്ചു. നാഷണൽ ലെവൽ സയൻസ്, മാത്ത്സ്,ഇംഗ്ലീഷ് ഒളിംപ്യാഡുകളിലും നല്ലചിത്തന് സ്വർണ മെഡൽ ഉണ്ട്.

## ദീപം രസീത് തുക വർദ്ധിപ്പിച്ചു

**സ്പിരിച്വൽ സോൺ:** ഫെബ്രുവരി 10 പൗർണമി ദിവസം മുതൽ ദീപം രസീത് തുക 90 രൂപയാക്കി വർദ്ധിപ്പിച്ചു. നിലവിൽ 75 രൂപയാണ് ദീപം എടുക്കുന്നതിനുള്ള രസീത് തുക.

## 'ഔഷധ സസ്യശാസ്ത്രം' പുസ്തകപ്രകാശനം

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളെജിൽ ഗുണപാഠം മരുന്തിയൽ ഡിപ്പാർട്ട്മെന്റ്, ഒന്നാം വർഷ ബി.എസ്.എം.എസ് വിദ്യാർത്ഥികൾക്കുവേണ്ടി തയ്യാറാക്കിയ 'ഔഷധ സസ്യശാസ്ത്രം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. പുസ്തകത്തിന്റെ പ്രകാശനകർമ്മം കോളേജ് പ്രിൻസിപ്പൽ ഡോ. ആർ.ദേവരാജൻ നിർവഹിച്ചു. ചടങ്ങിൽ കോളേജ് വൈസ് പ്രിൻസിപ്പൽമാരും അധ്യാപകരും പങ്കെടുത്തു.




ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala